"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർഡിനേറ്ററായ ശ്രീ. ഹരിദാസൻ.സി, പി.ഡി ടീച്ചർ, ജി.എച്ച്.എസ്.എസ് കാസർഗോഡ് അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1525/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/07/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ഫിൻ നമ്പർ സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ഫിൻ നമ്പർ ഉത്തരവ്

3 23.03.2017തീയതിയിലെ സ.ഉ(സാധാ)നം. 830/2017/തസ്വഭവ നമ്പർ ഉത്തരവ്

4 13.07.2018 തീയതിയിലെ സ.ഉ(സാധാ)1926/2018/തസ്വഭവ നമ്പർ ഉത്തരവ്

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.03.2019 - ലെ

4766/ഇ1/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

കാസർഗോഡ് ജി.എച്ച്.എസ്.എസ്-ലെ പി.ഡി ടീച്ചർ ആയ ശ്രീ. ഹരിദാസൻ.സി-യെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം( 4 ), പ്രകാരം ടിയാളുടെ അന്യത്രസേവനം 31/03/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 31/03/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01/04/2019 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജി.എച്ച്.എസ്.എസ്-ലെ പി.ഡി ടീച്ചർ ശ്രീ. ഹരിദാസൻ.സി, യുടെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം1 ചട്ടം(14 0 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1),(2) ഉത്തരവിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി 01/04/2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൻ**

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (ഡെ.ഡയറക്ടർ, വിദ്യാഭ്യാസം,കാസർഗോഡ് മുഖേന)

ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം, കാസർഗോഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ